**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **23-08-2022 - ൽ മറുപടിയ്ക്ക്**

**വിശപ്പുരഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല. ടി നിയോജക മണ്ഡലത്തിലെ ' നാദം കുടുംബശ്രീ യൂണിറ്റ് ' അംഗത്തിൽ നിന്നും സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിരാലംബരായ കിടപ്പ് രോഗികൾ, ഒരു നേരത്തെ ഭക്ഷണം പോലും പാചകം ചെയ്തു കഴിക്കാൻ ബുദ്ധിമുട്ടുന്നവർ, തുടങ്ങിയവരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുന്നത്. ഈ മേഖലയിൽ സർക്കാർ/ സർക്കാരിതര സംഘടനകൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന നിയോജകമണ്ഡലങ്ങൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലുമാണ് മുൻഗണന നല്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ? | (സി) | പഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ ഭാഗമായി പ്രത്യേകം ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം വിതരണം ചെയ്തു വരുന്നില്ല. ആതിനാൽ തന്നെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല. |

സെക്ഷൻ ഓഫീസർ